(സി) നാല് ഡോക്ടർമാരുടെ തസ്തികൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ചേർപ്പ് സി. എച്ച്. സി.യിൽ ജി.ഒ. (എം.എസ്) 443/99/ആ.കു.നം. ഉത്തരവ് പ്രകാരം റേഡിയോഗ്രാഫറുടെയും എക്സ്റേ അറ്റൻഡറുടെയും ഓരോ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമായതിനാൽ മറ്റ് സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് നിർദ്ദിഷ്ട പഞ്ചായത്താണ്.

(ഇ) ചേർപ്പ് പി.എച്ച്.സി.-യിൽ ഒരു ദിവസം ശരാശരി 300 രോഗികളെ ഒ.പി.യിൽ പരിശോധിക്കുന്നുണ്ട്.

(എഫ്) ആലപ്പാട് സി.എച്ച്.സിയിൽ 21 തസ്തികകളിലായി 55 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ജി) എക്സ്റേ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്കു ധനലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

കായംകുളം ഗവൺമെന്റ് ഹോസ്പിറ്റൽ വികസനം

192 (1127) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കായംകുളം സർക്കാർ ആശുപത്രി വികസനത്തിന് സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക ഇപ്പോഴുണ്ട് ; ഈ തുക ചെലവഴിച്ചോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഇവിടത്തെ 100 കിടക്കകളുള്ള ആശുപത്രി കെട്ടിടം കഴിഞ്ഞ 5 വർഷമായി പണിയാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ കോൺട്രാക്ടർക്കു എതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ട് ;

(ഡി) ഇവിടത്തെ സിമന്റും കമ്പിയും ദുരുപയോഗപ്പെടുത്തി എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കാമോ ;

(ഇ) കോൺട്രാക്ടറുടെ മേൽ ഈ സർക്കാരിന്റെ കാലത്തു തന്നെ നടപടി സ്വീകരിച്ചും ടിയാനെ ഒഴിവാക്കിയും പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കായംകുളം സർക്കാർ ആശുപത്രിയിൽ 100 കിടക്കകളുള്ള വാർഡിന്റെ പണിക്കുവേണ്ടി 2000-2001 ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 8.54 ലക്ഷം രൂപയിൽ 4.30 ലക്ഷം രൂപക്കുമാത്രമേ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളു. ടി പണി പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി നീട്ടികൊടുത്തിട്ടില്ലാത്തതിനാൽ ടി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. വാർഡിന്റെ താഴത്തെ നിലയുടെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 1999 ഒക്ടോബർ മാസത്തിനുശേഷം റേറ്റ് വർദ്ധിപ്പിച്ച് കിട്ടണമെന്ന ആവശ്യം ഉന്നയിച്ചു കരാറുകാരൻ പണി നിർത്തിവച്ചിരിക്കുകയാണ്.

(സി) ഈ പണിയിൽ നിന്നു ഇപ്പോഴത്തെ കരാറുകാരനെ ഒഴിവാക്കി അയാളുടെ ഉത്തവാദിത്വത്തിൽ ബാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്. സിമന്റും കമ്പിയും പണി സ്ഥലത്തു നിന്നും നഷ്ടപ്പെട്ടിട്ടുണ്ടെന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പോലീസിനു റിപ്പോർട്ട് ചെയ്തതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരൻ സ്വയം ഏറ്റെടുത്തിട്ടുള്ളതിനാൽ നഷ്ടപ്പെട്ട സാധനങ്ങളുടെ വില കരാറുകാരന്റെ ബില്ലിൽ നിന്നു പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഇ) ഈ പണിയിൽ നിന്നും ടി കോൺട്രാക്ടറെ ഒഴിവാക്കി അയാളുടെ ഉത്തരവാദിത്വത്തിൽ തന്നെ ബാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിലെ "ജനതാ പേവാർഡ്"

193 (1128) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിലെ കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്.ന്റെ 'ജനതാ പേവാർഡ്' സ്ഥിതിചെയ്യുന്ന കെട്ടിടം തകർന്ന നിലയിലാണോ ;

(ബി) ആണെങ്കിൽ ഇതിന്റെ പുനരുദ്ധാരണ ജോലികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അപകടനിലയിലായ ഈ കെട്ടിടത്തിന്റെ പുനരുദ്ധാരണ ജോലികൾ നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) പുനരുദ്ധാരണ യോഗ്യമല്ലെന്നാണ് പരിശോധനയിൽ കണ്ടത്.

(സി & ഡി) കാര്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് കെട്ടിടത്തിന്റെ ബലക്കുറവ് പരിഹരിച്ച് നിലനിർത്താൻ കഴിയുമോ എന്നു നോക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly